*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

159th Issue - Volume 4, No. 40 ജാഗ്രത 12th November 2010

"Love bears all things, believes all things, hopes all things, endures all things. Love never ends."

Corinthians 13:7-8

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil



ST. ALBERT THE GREAT

## പ്രധാന വാർത്തകൾ

സമൂഹനിർമിതിയിൽ സഭയ്ക്കു നിർണായക പങ്ക്: കെസിബിസി

---

പുതുമയുള്ള പ്രവർത്തനശൈലികളുടെ വക്താക്കളാകണം: മാർ ജോസ് പൊരുന്നേടം

---

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ചൈതന്യം പകരുക: ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ

---

വർഗീയത ഏറ്റവും വലിയ വിപത്ത്: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ

---

ജീവന്റെ സമൃദ്ധിയിലൂടെ സഭയെ സമ്പന്നമാക്കണം: മാർ മാത്യു അറയ്ക്കൽ

### സമൂഹനിർമിതിയിൽ സഭയ്ക്കു നിർണായക പങ്ക്: കെസിബിസി

കേരളത്തിന്റെ സാമൂഹികനിർമിതിയിൽ സഭയ്ക്കു നിർണായകമായ പങ്കുണ്ടെന്നു കെസിബിസി പ്രസിഡന്റ് ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് ഓർമിപ്പിച്ചു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാരുടെ യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. പരസ്നേഹത്തിന്റെയും ശുശ്രൂഷയുടെയും മാർഗത്തിലൂടെ സമൂഹസേവനത്തിൽ കാലഘട്ടത്തിന്റെ അടയാളങ്ങൾ മനസിലാക്കി പ്രവർത്തിക്കാൻ ഏവർക്കും കടമയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെസിബിസിയുടെ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ സഭയ്ക്ക് ഐക്യത്തിന്റെ മുഖം നല്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ ചേർന്ന യോഗത്തിൽ മുഖ്യപ്രഭാഷണം നടത്തിയ കെസിബിസി ജനറൽ സെക്രട്ടറി ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. സഭാശുശ്രൂഷയിൽ കമ്മീഷൻ സെക്രട്ടറിമാരുടെ പ്രവർത്തനങ്ങൾക്കു ക്രിയാത്മകമായ സ്വാധീനം ചെലുത്താൻ സാധിക്കുമെന്നും മാർ താഴത്ത് അഭിപ്രായപ്പെട്ടു. യോഗത്തിൽ 18 കമ്മീഷൻ സെക്രട്ടറിമാരും കെസിബിസിയുടെ 10 ഡിപ്പാർട്ടുമെന്റുകളുടെ ഡയറക്ടർമാരും വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. അടുത്തവർഷത്തിൽ കമ്മീഷനുകളും ഡിപ്പാർട്ടുമെന്റുകളും നടപ്പിലാക്കുന്ന കർമപരിപാടികൾ യോഗത്തിൽ അവതരിപ്പിച്ചു. പ്രവർത്തനമേഖലകളിൽ പങ്കാളിത്തവും സഹകരണവും മെച്ചപ്പെടുത്താൻ തീരുമാനിച്ചു.

### പുതുമയുള്ള പ്രവർത്തനശൈലികളുടെ വക്താക്കളാകണം: മാർ ജോസ് പൊരുന്നേടം



സഭയുടെയും, സഭാസ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളിൽ അനുകരണങ്ങളല്ല, പുതുമകളാണ് വേണ്ടതെന്ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം. മാനന്തവാടി വിൻസന്റ്ഗിരിയിൽ നടന്ന വി.വിൻസന്റ് ഡി പോളിന്റേയും, വി,ലൂയിസ് ഡി മാരില്ലാക്കിന്റെയും 350-ാംചരമവാർഷിക അനുസ്മരണ സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്. സാങ്കേതിക വിദ്യകളും, അതിന്റെ നിത്യനൂതനങ്ങളായ ശൃംഖലകളും അതിവിപുലമായിരിക്കുന്ന ഈ കാലഘട്ടത്തിൽ, കാലിക പ്രശ്നങ്ങളോടുള്ള നമ്മുടെ സമീപനങ്ങൾ പരമ്പരാഗത ശൈലികളിൽ തുടർന്നാൽ ഫലപ്രാപ്തിയുണ്ടാവില്ല. കാലോചിതവും പ്രസക്തവുമായ പരിഹാരങ്ങൾ പെട്ടെന്നുണ്ടാവണം. ഇത് സന്യസ്ഥരും, സമർപ്പിതരും ദൈവജനം മുഴുവൻ വെല്ലുവിളിയായെടുക്കണം. ഇല്ലെങ്കിൽ പ്രശ്നപരിഹാരവുമായി നാമെത്തുമ്പോഴേക്കും സാഹചര്യങ്ങൾ മാറിയിരിക്കും നമ്മുടെ പ്രവർത്തനം അപ്രസക്തമാവും. സഭാസമൂഹങ്ങൾക്ക് വഴികാട്ടികളായ വിശുദ്ധരുടെ അതേ അരൂപി നാം തുടരുമ്പോഴും, ശൈലികളിലുള്ള കാലോചിതമായ വ്യതിയാനം അനിവാര്യമാണെന്നും തനിമയും പുതുമയുള്ള ശൈലികളുമായി ഇറങ്ങുമ്പോൾ ആരോടും മത്സരിക്കേണ്ടിവരില്ലെന്നും അദ്ദേഹം പറഞ്ഞു. വിൻസന്റ്ഗിരി സിസ്റ്റേഴ്സ് എന്നറിയപ്പെടുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് വിൻസന്റ്ഡിപോൾ എന്ന സന്യാസിനി സമൂഹത്തിന്റെ മാനന്തവാടിയിലുള്ള ജനറലേറ്റിൽ വെച്ചാണ് അനുസ്മരണ ചടങ്ങ് നടന്നത്. 1734-ൽ ഫ്രാൻസിലെ സ്ട്രസ്ബുർഗിൽ സ്ഥാപിതമായ വിൻസൻഷ്യൻ സന്യാസിനി സമൂഹം ഇന്ത്യയിൽ പ്രവർത്തനമാരംഭിച്ചത് 1975ലായിരുന്നു. 21 കോൺവന്റുകളിലായി 230 സിസ്റ്റേഴ്സ് കേരളം, കർണ്ണാടകം, ആന്ധ്രാപ്രദേശ് , ജർമ്മനി, അമേരിക്ക എന്നിവിടങ്ങളിലായി സേവനമനുഷ്ഠിക്കുന്നു. ആശുപത്രികൾ, വിദ്യാലയങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, മദ്യാസക്തരുടെ ചികിത്സ, മാനസികരോഗികളുടെ ചികിത്സയും പരിചരണവും, സാമൂഹ്യപ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ നൂതനവും കാലോചിതവുമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത്, വി.വിൻസന്റ് ഡി പോളിന്റെ ചൈതന്യം സ്വന്തമാക്കി പ്രതിസംസ്കാരത്തിന്റെ വാഗ്ദാക്കളായി തങ്ങളുടെ പ്രവർത്തനമേഖലകളിൽ സജീവ സാന്നിദ്ധ്യമായി കൊണ്ടിരിക്കുകയാണിവർ. സമൂഹത്തിന്റെ നാനാ തുറകളിൽ നിന്നുള്ള പ്രഗത്ഭരും, അനാഥാലയത്തിലെ അന്തേവാസികളുമടക്കം നൂറുകണക്കിനാളുകൾ ചടങ്ങിൽ സംബന്ധിച്ചു. സുപ്പീരിയർ ജനറൽ സി. പ്രിമോസ സ്വാഗതവും സി. ക്രിസ്റ്റീന നന്ദിയും പറഞ്ഞു.

**വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ചൈതന്യം പകരുക: ആർച്ച് ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ**

---



വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ ചൈതന്യം ലോകമെങ്ങും പകരാൻ വിളിക്കപ്പെട്ടവരാണ് ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങളെന്ന് വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ. വരാപ്പുഴ അതിരൂപത ഫ്രാൻസിസ്കൻ അല്മായ സഭ എറണാകുളം ആശിർഭവനിൽ സംഘടിപ്പിച്ച ഫ്രാൻസിസ്കൻ ദിനസമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രണ്ടാം ക്രിസ്തുവെന്ന് അറിയപ്പെട്ടിരുന്ന വിശുദ്ധ ഫ്രാൻസിസിന്റെ മൂല്യം ഇന്നത്തെ ലോകത്തിന് കാണിച്ചുകൊടുക്കുകയും സാക്ഷ്യം വഹിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു. ഫ്രാൻസിസ്കൻ അല്മായ സഭ വരാപ്പുഴ അതിരൂപത ചെയർമാൻ അലക്സ് ആട്ടുള്ളിൽ അധ്യക്ഷനായിരുന്നു. കപ്പുച്ചിൻ സഭ പ്രൊവിൻഷ്യൽ റവ. ഡോ.ജോൺ ബാപ്റ്റിസ്റ്റ് കപ്പുച്ചിൻ മുഖ്യപ്രഭാഷണം നടത്തി. വരാപ്പുഴ അതിരൂപത അല്മായ കമ്മീഷൻ ചെയർമാൻ അഡ്വ. ആന്റണി അമ്പാട്ട്, എസ്എഫ്ഒ ഡയറക്ടർ ഫാ.മാനുവൽ മെന്റസ് കപ്പുച്ചിൻ, കേരള ഫ്രാൻസിസ്കൻ ഫാമിലി യൂണിയൻ പ്രസിഡന്റ് സിസ്റ്റർ റോസിലന്റ്, മാതൃവേദി വരാപ്പുഴ അതിരൂപത പ്രസിഡന്റ് മിനി ആന്റണി, റാഫേൽ നമ്പൂരത്ത്, എ.എ സേവ്യർ എന്നിവർ പ്രസംഗിച്ചു.

**വർഗീയത ഏറ്റവും വലിയ വിപത്ത്: മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**

---



വർഗീയവിദ്വേഷം കേരളത്തിൽ വളരുന്ന ഏറ്റവും വലിയ വിപത്തായി മാറുകയാണെന്ന് മലങ്കര കത്തോലിക്കാസഭ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ. ദേശം പുരോഗമിക്കുമ്പോൾ പൈശാചികശക്തികൾ അടങ്ങിയിരിക്കില്ല. ലോകത്തിന്റെ ഉന്നതസ്ഥാനത്തേക്ക് ഇന്ത്യ വളരുമ്പോൾ രാജ്യത്തെ തകർക്കാനും കേരളം പുരോഗമിക്കുമ്പോൾ അതിനു തടയിടാനും പൈശാചിക ശക്തികൾ രംഗത്തുവരുന്നു. ആധുനിക രൂപത്തിലാണ് ഇന്ന് പൈശാചിക ശക്തികൾ അവതരിക്കുന്നത്. പള്ളിയിലും അമ്പലത്തിലും മോസ്കിലും പോകുന്നവർ ഒരേ ആഗ്രഹമുള്ളവരാണ്. ഇവരുടെ ഇടയിൽ പൈശാചിക ശക്തികൾ വിള്ളലുണ്ടാക്കാൻ ശ്രമിക്കുകയാണ്. സാമൂഹികബന്ധങ്ങൾക്കും സാംസ്കാരത്തിന്റെ ഊഷ്മളതയ്ക്കും മങ്ങലേൽപ്പിച്ചു മനുഷ്യരെ കൊന്നൊടുക്കുന്നത് കണ്ടുകൊണ്ടിരിക്കാൻ സഭയ്ക്കാവില്ല. വർഗീയത ഇല്ലാതാക്കാനും സാമൂഹ്യ ഉന്നതിക്കുമായി സഭ മുന്നോട്ടുവരണം. രാഷ്ട്രീയ തെരഞ്ഞെടുപ്പുകളിൽ ജയിച്ചവർ വീണ്ടും ജയിക്കാനും തോൽക്കുന്നവർ ജയിക്കാനും കാട്ടുന്ന ശ്രമങ്ങൾക്കിടയിൽപെട്ട് യാതനയനുഭവിക്കുന്ന മനുഷ്യരെ രാഷ്ട്രീയനേതൃത്വം കാണണം. ജനാധിപത്യത്തിന്റെ മൂല്യങ്ങൾ തകരാതെ സൂക്ഷിക്കാൻ സഭയ്ക്ക് ബാധ്യതയുണ്ട്. ജനമാണ് സഭയുടെയും രാഷ്ട്രീയത്തിന്റെയും കേന്ദ്രബിന്ദു. ജനങ്ങളുടെ സമാധാനജീവിതത്തിനും ക്ഷേമത്തിനും സഭയുടെയും മതാധ്യക്ഷന്മാരുടെയും ഇടപെടലുകൾ ഉണ്ടാകണം. നാടിന്റെ വികസനപ്രവർത്തനങ്ങൾക്ക് സഭ നേതൃത്വംനൽകണം. ഹൈറേഞ്ചിന്റെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി മലങ്കര കത്തോലിക്കാസഭ ഇടുക്കി മേഖലാധ്യക്ഷൻ സെക്രട്ടേറിയറ്റുപടിക്കൽ സത്യഗ്രഹം അനുഷ്ഠിച്ചാലും സഭ അതിനെ അനുഗ്രഹമായി കാണും. വിഭാഗീയത ഇല്ലാതെ പ്രവർത്തിക്കാൻ കഴിയുമെന്ന് ഇടുക്കി മേഖലയുടെ സാരഥ്യം ഏറ്റെടുത്ത ഫീലിപ്പോസ് മാർ സ്തേഫാനോസ് തെളിയിക്കണമെന്ന് കാതോലിക്കാബാവ പറഞ്ഞു. മലങ്കര കത്തോലിക്കാസഭ ഇടുക്കി മേഖലയുടെ ഔദ്യോഗിക പ്രഖ്യാപനം നടത്തി കട്ടപ്പന ഓക്സീലിയം സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം തയാറാക്കിയ വേദിയിൽ പ്രസംഗിക്കുകയായിരുന്നു കാതോലിക്കാബാവ.

**ജീവന്റെ സമൃദ്ധിയിലൂടെ സഭയെ സമ്പന്നമാക്കണം: മാർ മാത്യു അറയ്ക്കൽ**

---



വിശ്വാസ ജീവിതത്തിൽ അടിയുറച്ച് ജീവന്റെ സമൃദ്ധിയിൽ നിറയുമ്പോഴാണ് സഭ സമ്പന്നമാകുന്നതെന്നും വിശ്വാസത്തെ തകർക്കുന്ന മരണസംസ്കാരത്തിനെതിരേ പ്രതികരിക്കണമെന്നും രൂപതാധ്യക്ഷൻ

മാർ മാത്യു അറയ്ക്കൽ. കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ കൗൺസിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മാർ അറയ്ക്കൽ. പ്രാർത്ഥനാ ജീവിതവും കുടുംബ പ്രാർഥനകളും കൂടുതൽ സജീവമാകുകയും അരൂപിയിൽ നിറയുകയും ചെയ്യുമ്പോൾ കൂട്ടായ്മകൾ ശക്തിപ്പെടുകയും സഭ വളരുകയും ചെയ്യും. ആധുനിക കാലഘട്ടങ്ങളുടെ മാറ്റങ്ങൾക്കനുസരിച്ച് മുന്നേറുമ്പോഴും പൈതൃകവും പാരമ്പര്യവും കാത്തു സൂക്ഷിക്കണമെന്ന് ബിഷപ് കൂട്ടിച്ചേർത്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി അഡ്വ. വി.സി. സെബാസ്റ്റ്യൻ റിപ്പോർട്ട് അവതരിപ്പിച്ചു. വിശ്വാസ ജീവിതവും ജീവന്റെ സംരക്ഷണവും എന്ന വിഷയത്തിൽ വികാരി ജനറാൾ റവ. ഡോ. മാത്യു പായിക്കാട്ട്, ഫാ. ജോസഫ് മരുതുക്കുന്നേൽ എന്നിവർ വിഷയാവതരണം നടത്തി. രൂപത ചാൻസിലർ റവ. ഡോ. കുര്യൻ താമരശേരി, അമല കമ്യൂണിക്കേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കിടങ്ങത്താഴെ എന്നിവർ പ്രസംഗിച്ചു. രൂപതയുടെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജീവന്റെ സമൃദ്ധിക്കായി എന്ന സിഡിയുടെ പ്രകാശനം അഡ്വ. ഏബ്രഹാം മാത്യു പന്തിരുവേലിക്കു നൽകി മാർ മാത്യു അറയ്ക്കൽ നിർവഹിച്ചു. സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ തീരുമാനങ്ങൾ കൗൺസിലിൽ പങ്കുവച്ചു.

******

JAGRATHA News

"Jagratha News" - An internet news service is free and for private circulation

Web: www.kcbcsocialharmony.org, Blog: jagrathakcbc.blogspot.com

Designed and Edited by Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA